STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.522/PR/SPMC/PHQ/2026 Date:30.10.2026

# പത്രക്കുറിപ്പ്

## 2027ഓടെ സമ്പൂർണ സൈബർ റെസിലിയന്റ് കേരളം;

## CLICK ജനകീയ മുന്നേറ്റത്തിന് ഒക്ടോബർ 31 ന് തുടക്കമാകും

### മമ്മൂട്ടി ക്യാംപെയ്നിന്റെ ഭാഗമാകും

കൊച്ചി: സൈബർ കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനും ഡിജിറ്റൽ സുരക്ഷയെക്കുറിച്ച് അവബോധം വളർത്താനും ലക്ഷ്യമിട്ട് ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ കേരള പൊലീസ് നടപ്പാക്കുന്ന CLICK (Community Led Initiative for Cyber Resilient Keralam) പ്രചാരണത്തിന് ഒക്ടോബർ 31 ന് തുടക്കമാകും. 2027ഓടെ സമ്പൂർണ സൈബർ റെസിലിയന്റ് കേരളം സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മലയാളത്തിന്റെ മഹാനടൻ മമ്മൂട്ടിയും ക്യാംപെയ്നിന്റെ ഭാഗമാകും.

രാവിലെ 10.30നു കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കും. ടി.ജെ വിനോദ് എം.എൽ.എ അധ്യക്ഷനാവും.

മലയാളത്തിന്റെ പ്രിയതാരം മമ്മൂട്ടി, ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ, സോഹോ കോർപറേഷൻ സ്ഥാപകൻ ശ്രീധർ വെമ്പു, സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി പി. വിജയൻ തുടങ്ങിയവർ പങ്കെടുക്കും. സൈബർ സേഫ് വില്ലേജ്, സൈബർ റെസിലിയന്റ് സെന്ററുകൾ, സൈബർ ക്യാപ്ടൻമാർ, സൈബർ ഫസ്റ്റ് റെസ്പോണ്ടേഴ്സ് എന്നിവയുടെ പ്രഖ്യാപനവും ചടങ്ങിൽ നടക്കും.

ഡിജിറ്റൽ കുറ്റകൃത്യങ്ങൾക്കും ഓൺലൈൻ തട്ടിപ്പുകൾക്കുമെതിരെ ജനങ്ങളെ അണിനിരത്തുകയും സൈബർ സുരക്ഷ സമൂഹത്തിന്റെ കൂട്ടുത്തരവാദിത്തമായി വളർത്തുകയുമാണ് CLICK ലക്ഷ്യമിടുന്നത്.

സൈബർ ആക്രമണങ്ങളെ തിരിച്ചറിയാനും പ്രതിരോധിക്കാനും ആക്രമണങ്ങൾ ഉണ്ടായാൽ വേഗത്തിൽ അതിജീവിച്ച് സുരക്ഷിതമായി മുന്നോട്ടുപോകാനുമുള്ള വ്യക്തികളുടെയും സമൂഹത്തിന്റെയും ശേഷിയാണ് സൈബർ റെസിലിയൻസ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ മേഖല, സാമൂഹിക സംഘടനകൾ, യുവജനങ്ങൾ, പൊതുജനങ്ങൾ എന്നിവരെ ഒരുമിപ്പിച്ച് സൈബർ സുരക്ഷയെ ജനകീയ പ്രസ്ഥാനമാക്കി മാറ്റുകയാണ് CLICK വിഭാവനം ചെയ്യുന്നത്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ പ്രതിരോധത്തിൽ കേരള പൊലീസിനൊപ്പം പൊതുജനങ്ങൾക്കും സജീവ പങ്കാളികളാകാൻ അവസരമൊരുക്കും.

“അറിവിലൂടെ ജാഗ്രത, ജാഗ്രതയിലൂടെ പ്രതിരോധം” എന്ന സന്ദേശവുമായി സുരക്ഷിതവും ഉത്തരവാദിത്തപൂർണവും സൈബർ ഭീഷണികളെ ഫലപ്രദമായി നേരിടാൻ ശേഷിയുള്ളതുമായ കേരളം

കെട്ടിപ്പടുക്കാനുള്ള കൂട്ടായ ശ്രമത്തിനാണ് ഇഘകഇഗ തുടക്കം കുറിക്കുന്നത്.

ഡിജിറ്റൽ ലോകത്ത് സമ്പൂർണ്ണ സുരക്ഷ എന്ന ഒന്നില്ല. ഏതെങ്കിലും വിധത്തിൽ സൈബർ കുറ്റവാളികൾ വ്യക്തികളെ ടാർഗറ്റ് ചെയ്തുവെന്നിരിക്കും. അങ്ങനെ സംഭവിച്ചാൽ ഭയവും നാണവും മൂലം ഉൾവലിയാതെ സ്വയം പ്രതിരോധിക്കാനും നഷ്ടത്തിൽ നിന്നും അപമാന ഭയത്തിൽ നിന്നും കരകയറാനും സമൂഹത്തെ പ്രാപ്തമാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

**********